പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4871 — 21/10/2011-ൽ മറുപടിക്ക്

## ആശ്രയ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. എസ്. സുനിൽ കുമാർ:<br>ശ്രീമതി ഗീതാ ഗോപി:<br>ശ്രീ. ജി. എസ്. ജയലാൽ:<br>ശ്രീമതി. ഇ. എസ്. ബിജിമോൾ: | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആശ്രയ പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷമാണ് ആശ്രയ പദ്ധതി നിലവിൽ വന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടം ലഭിക്കാത്ത നിരാലംബരായ കുടുംബങ്ങളെ കണ്ടെത്തി അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, ചികിത്സ, അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുചിത്വസംവിധാനം അടിസ്ഥാനാവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ പരിചരണ സേവനങ്ങളും ആശ്രയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. |
| (ബി) ആശ്രയ പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) മലപ്പുറം ജില്ലയിലെ പരപ്പൂർ, തൃക്കലങ്ങോട് എന്നീ രണ്ട് ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് ആശ്രയപദ്ധതി ഇനിയും ആരംഭിക്കുവാനുള്ളത്. |
| (സി) ആശ്രയ പദ്ധതി സമ്പൂർണ്ണമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) സംസ്ഥാന സർക്കാരിന്റെ അടിയന്തിരമായി ചെയ്തുതീർക്കേണ്ട കർമ്മപരിപാടിയിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ആശ്രയ പദ്ധതി നടപ്പിലാക്കണമെന്നുള്ളതുകൂടി ഉൾപ്പെടുത്തിയിരുന്നു. ആശ്രയ പദ്ധതി ഏറ്റെടുക്കാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന രണ്ടാം ഗഡു തുക പദ്ധതി ഏറ്റെടുക്കുന്ന മുറയ്ക്കു മാത്രമേ നൽകുകയുള്ളൂയെന്ന് പദ്ധതി ഏറ്റെടു ക്കാത്ത തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ആശ്രയപദ്ധതിയിൽ ചേരുവാൻ അർഹതയുള്ളവരുടെ അർഹത തിട്ടപ്പെടുത്തി പദ്ധതിയിൽ ചേരുവാൻ അനുവദിക്കുവാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ